# കേരളസർവകലാശാല

നം.പി.ആർ.176(a)/2023 തിരുവനന്തപുരം, തീയതി: 26/08/2023

## പത്രക്കുറിപ്പ്

### സംസ്ഥാനതല എൻഎസ്എസ് അവാർഡ്
### കേരള സർവകലാശാലയ്ക്ക് മികച്ച നേട്ടം

2021-22 വർഷത്തെ സംസ്ഥാനതല എൻ.എസ്.എസ്. അവാർഡുകൾ പ്രഖ്യാപിച്ചപ്പോൾ കേരള സർവകലാശാലയ്ക്ക് വലിയ നേട്ടം ആണ് കരസ്ഥമാക്കാൻ സാധിച്ചിരിക്കുന്നത്. ഏറ്റവും മികച്ച സർവകലാശാല ആയി തെരഞ്ഞെടുത്തിരിക്കുന്നത് കേരള സർവകലാശാലയെയാണ്. മികച്ച പ്രോഗ്രാം കോർഡിനേറ്റർക്കുള്ള പുരസ്കാരം സർവ്വകലാശാല ചരിത്ര വിഭാഗം പ്രൊഫസറും വകുപ്പ് മേധാവിയുമായ ഡോ. ഷാജി എ. ആണ് നേടിയിരിക്കുന്നത്. മികച്ച എൻ.എസ്.എസ്. യൂണിറ്റിനുള്ള പുരസ്കാരത്തിന് ആലപ്പുഴ സനാതനധർമ്മ കോളേജും പ്രോഗ്രാം ഓഫീസറായി അതേ കോളേജിലെ ഡോ.എസ്.ലക്ഷ്മിയും തെരഞ്ഞെടുക്കപ്പെട്ടു. മികച്ച വോളണ്ടിയർമാർക്കുള്ള പുരസ്കാരം കായംകുളം എം.എസ്.എം. കോളേജിലെ അജ്മൽ എം., നങ്ങ്യാർകുളങ്ങര ടി. കെ. മാധവ മെമ്മോറിയൽ കോളേജിലെ ആതിര മോഹൻ എന്നിവർ കരസ്ഥമാക്കി.

അക്കാദമിക ഗവേഷണ മേഖലാതലത്തിൽ തന്നെ വലിയ നേട്ടമാണ് സമീപകാലത്തായി കേരള സർവ്വകലാശാല കൈവരിച്ചിരിക്കുന്നത്. സാമൂഹിക ഇടപെടലുകളിലും കാര്യക്ഷമമായി പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് സംസ്ഥാനതല പുരസ്കാരങ്ങൾക്ക് അർഹത കൈവരിച്ചിരിക്കുന്നത്. പ്രളയ കാലത്തും കോവിഡിന്റെ കാലത്തും ശക്തമായ ഇടപെടലുകളാണ് ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങളിലൂടെ സർവ്വകലാശാലയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത്. സർവ്വകലാശാലയിലും അഫിലിയേറ്റഡ് കോളേജുകളിലും നടപ്പിലാക്കിയ ഹരിതാലയം പദ്ധതിയിലൂടെ കാർഷിക സംസ്കാരം വളർത്തിയെടുക്കാൻ ശക്തമായ ഇടപെടലാണ് ഉണ്ടായിട്ടുള്ളത്. എല്ലാ കലാലയങ്ങളും നാഷണൽ സർവീസ് സ്കീമിലൂടെ സന്നദ്ധ ഗ്രാമങ്ങൾ തെരഞ്ഞെടുക്കുകയും അവിടെ സാമൂഹികമായ ഇടപെടലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കിയ വിമുക്തി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ സർവ്വകലാശാലയ്ക്ക് ആയിട്ടുണ്ട്. നാഷണൽ സർവീസ് സ്കീമിന്റെ നേതൃത്വത്തിൽ കോളജുകളിൽ ആരംഭിച്ച സ്റ്റുഡന്റ് പാലിയേറ്റീവ് ക്ലബ്ബുകളിലൂടെ രോഗപീഡ അനുഭവിക്കുന്ന ധാരാളം വ്യക്തികൾക്ക് സഹായവും പാലിയേറ്റീവ് സേവനവും ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. നദി

സംരക്ഷണം, നിർധനർക്ക് വേണ്ടി പണികഴിപ്പിച്ചു കൊടുത്ത പാർപ്പിടങ്ങൾ, ബോധവത്ക്കരണ പരിപാടികൾ, സന്നദ്ധ രക്തദാനം, ശ്രമദാന പ്രവർത്തനങ്ങൾ തുടങ്ങിയവ സർവ്വകലാശാല നാഷണൽ സർവീസ് സ്കീം നടപ്പിലാക്കിയ പ്രധാന പദ്ധതികളിൽപ്പെടുന്നവയാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)**


**E-mail:**For queries[helpdesk@keralauniversity.ac.in](mailto:helpdesk@keralauniversity.ac.in)
**website:** [www.keralauniversity.ac.in](http://www.keralauniversity.ac.in)

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**